പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.469 | 6.3.2012 ൽ മറുപടിയ്ക്ക്

## 'ആശ്വാസകിരണം' പദ്ധതി നടപ്പിലാക്കാൻ നടപടി

ചോദ്യം | ഉത്തരം

ശ്രീ. എ. എം. ആരീഫ്

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) അരൂർ നിയോജകമണ്ഡലത്തിൽ കിടക്കയിൽ തന്നെ ജീവിതം തള്ളിനീക്കുന്ന എത്ര വികലാംഗർ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; | എ) കണക്കാക്കിയിട്ടില്ല. |
| (ബി) ഇല്ലെങ്കിൽ അവരുടെ എണ്ണം ശേഖരിക്കുന്നതിന് അടിയന്തിര നിർദ്ദേശം നൽകുമോ ; അവർക്ക് 'ആശ്വാസകിരണം' പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ബ്ലോക്ക് അടിസ്ഥാനത്തിൽ നടത്തി വരുന്ന വൈകല്യനിർണ്ണയ ക്യാമ്പുകൾ കഴിയുമ്പോൾ ശയ്യാവലംബിയായവരുടെ എണ്ണം ലഭിക്കുന്നതാണ്. ആശ്വാസകിരണം പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തി അപേക്ഷ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ CDPO/ICDS സൂപ്പർവൈസർമാർക്കും നൽകിയിട്ടുണ്ട്. |
| (സി) 16 വയസ്സുവരെയുള്ള കുട്ടികൾക്ക് സൌജന്യ ചികിത്സ നൽകുന്നതിന് സാമൂഹ്യക്ഷേമ വകുപ്പിൽ പദ്ധതി നിലവിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നല്കുമോ ? | (സി)18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സൌജന്യ ചികിത്സ നൽകുന്നതിന് ക്യാൻസർ സുരക്ഷ, താലോലം പദ്ധതികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ക്യാൻസർ സുരക്ഷാ പദ്ധതി പ്രകാരം 2 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബത്തിലെ കുട്ടികൾക്ക് സർക്കാർ മെഡിക്കൽ കോളേജുകൾ, IMCH കോഴിക്കോട്, ICH കോട്ടയം, പരിയാരം മെഡിക്കൽ കോളേജ്, RCC തിരുവനന്തപുരം, മലബാർ ക്യാൻസർ സെന്റർ, എറണാകുളം ജനറൽ ആശുപത്രി |

| | |
|---|---|
| | ഹൃദ്രോഗം, കിഡ്നി ഡിസോർഡർ, സെറിബ്രൽ പാൾസി, ഓട്ടിസം, അസ്ഥിവൈകല്യങ്ങൾ ഉൾപ്പെടെയുള്ള രോഗങ്ങൾക്ക് സർജറി അടക്കമുള്ള ചികിത്സ നൽകുന്ന പദ്ധതിയാണ് താലോലം പദ്ധതി. ഹീമോഫീലിയ, താലസീമിയ, സിക്കിൾ സെൽ അനീമിയ, ഞരമ്പ് സംബന്ധമായ വൈകല്യങ്ങൾ, എൻഡോസൾഫാൻ ബാധിച്ചവരുടെ ചികിത്സ എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ